പട്ടികജാതി യുവതി-യുവാക്കൾക്ക് വിദേശത്ത് തൊഴിൽ തേടി പോകുന്നതിനുള്ള യാത്രാസംബന്ധമായ ചെലവുകൾക്കായി ഒരു ലക്ഷം രൂപ ധനസഹായം അനുവദിക്കുന്ന വിദേശ തൊഴിൽ ധനസഹായ പദ്ധതി വകുപ്പ് നടപ്പിലാക്കിവരുന്നു. കൂടാതെ വിവിധ ഏജൻസികൾ മുഖേന വകുപ്പ് നടപ്പിലാക്കുന്ന തൊഴിലധിഷ്ഠിത കോഴ്സുകളിൽ പഠനം പൂർത്തിയാക്കി വിദേശത്ത് പ്ലേസ്മെന്റ് കരസ്ഥമാക്കുന്ന പട്ടികജാതി യുവജനങ്ങൾക്ക് വിസാ/യാത്രാ സംബന്ധമായ ചെലവുകൾക്ക് ഒരു ലക്ഷം രൂപ അനുവദിച്ചുവരുന്നു.

ശബരിമലയിലെ വികസന പ്രവർത്തനങ്ങൾ

30 (*210) ശ്രീ. ഡി. കെ. മുരളി:
ശ്രീ. എം. മുകേഷ്:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) ശബരിമല വികസനവുമായി ബന്ധപ്പെട്ട മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് നടന്ന പ്രവർത്തനങ്ങളുടെ അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്. മുൻ സർക്കാരിന്റെ കാലത്ത് ശബരിമല വികസനവുമായി ബന്ധപ്പെട്ട മാസ്റ്റർപ്ലാൻ നടപ്പാക്കുന്നതിന് അനുമായി ബന്ധപ്പെട്ട് നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിലെ ലേ-ഔട്ട് പ്ലാൻ തയ്യാറാക്കുന്നതിന് തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനെ ചുമതലപ്പെടുത്തിയിരുന്നു. അതിൻപ്രകാരം തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് തയ്യാറാക്കിയ നിലയ്ക്കലിലെ ലേ ഔട്ട് പ്ലാൻ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. കൂടാതെ മാസ്റ്റർ പ്ലാൻ പ്രകാരം 2015-16 മുതൽ ശബരിമലയിൽ നടന്നുവരുന്ന നിർമ്മാണ പ്രവൃത്തികൾക്ക് 62.73 കോടി രൂപ അനുവദിക്കുകയും ചെയ്തിരുന്നു. വനം വകുപ്പുമായി നിലനിൽക്കുന്ന ഭൂമി സംബന്ധമായ തർക്കങ്ങൾ പരിഹരിക്കുന്നതിനുള്ള വിവിധ യോഗങ്ങളും നടത്തിയിരുന്നു.

(ബി) ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട പദ്ധതികൾ നടപ്പാക്കുന്നതിനുള്ള ഹൈ പവർ കമ്മിറ്റികൾ യഥാസമയം ചേരുന്നതിന് കഴിഞ്ഞിട്ടുണ്ടോ?

ഹൈ പവർ കമ്മിറ്റികൾ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ആവശ്യാനുസരണം കൂടിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(സി) വകുപ്പുതല യോഗങ്ങളും ഹൈ പവർ കമ്മിറ്റികളും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ചേരുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

വകുപ്പുതല യോഗങ്ങളും ഹൈ പവർ കമ്മിറ്റികളും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ആവശ്യാനുസരണം നടത്തിവരുന്നുണ്ട്. ശബരിമല മഹോത്സവത്തിന് മുന്നോടിയായി മന്ത്രിതലത്തിൽ തന്നെ അനവധി യോഗങ്ങൾ നടത്തിക്കഴിഞ്ഞു.

(ഡി) വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കി തീർത്ഥാടകർക്ക് മണ്ഡല മഹോത്സവം ആയാസരഹിതമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ശബരിമല തീർത്ഥാടകർക്ക് യാത്രാസൗകര്യത്തിനും വിശ്രമം, കുടിവെള്ളമുൾപ്പെടെയുള്ള പ്രാഥമിക കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും ചികിത്സാ സൗകര്യത്തിനും വേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങളൊരുക്കി തീർത്ഥാടനം സുഗമമാക്കാൻ ബഹുമാനപ്പെട്ട ദേവസ്വം മന്ത്രിയുടെ അദ്ധ്യക്ഷതയിലും ആരോഗ്യം, പൊതുമരാമത്ത്, ടൂറിസം, ഗതാഗതം, ജലവിഭവം തുടങ്ങിയ വകുപ്പുകളുടെയും മന്ത്രിമാരുടെ സാന്നിദ്ധ്യത്തിലും തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്രസിഡന്റിനെ ഉൾപ്പെടുത്തിക്കൊണ്ട് വിവിധ യോഗങ്ങൾ നടത്തി തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. പ്രസ്തുത തീരുമാനങ്ങളുടെ അടിസ്ഥാനത്തിലുള്ള നടപടികൾ വിവിധ വകുപ്പുകൾ സ്വീകരിച്ചുവരുന്നു.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഭ്രഷ്ടരഹിതരായ പട്ടികജാതിക്കാരെ സഹായിക്കാൻ പദ്ധതി

1(2036) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭ്രഷ്ടരഹിതരായ പട്ടികജാതിക്കാരെ സഹായിക്കുന്നതിനായി എന്തെങ്കിലും പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?